STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.48/PR/SPMC/PHQ/2026 Date:03.02.2026

## ആംഡ് പോലീസ് ബറ്റാലിയൻ ആസ്ഥാനത്തു സെൻട്രലൈസ്ഡ് ട്രെയിനിങ് സെന്റർ ആരംഭിച്ചു

സംഘബലത്തെയും ആയുധബലത്തെയുംകാൾ മെച്ചപ്പെട്ട നേതൃത്വവും പ്രവർത്തനമികവുമാണ് ആധുനികകാലത്തെ പോലീസിന്റെ പ്രധാനമുഖമുദ്രകൾ എന്ന് സംസ്ഥാന പോലീസ് മേധാവി റവാഡാ ആസാദ് ചന്ദ്ര ശേഖർ പറഞ്ഞു. തിരുവനന്തപുരത്തു ആംഡ് പോലീസ് ബറ്റാലിയൻ ആസ്ഥാനത്തു ആരംഭിച്ച സെൻട്രലൈസ്ഡ് ട്രെയിനിങ് സെന്റർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആധുനിക കാലത്തെ പൊലീസിങ് അനവധി വെല്ലുവിളികൾ നിറഞ്ഞതാണ്. പോലീസിനെ കുറിച്ചുള്ള സമൂഹത്തിന്റെ പ്രതീക്ഷകൾക്കും ഏറെ മാറ്റം വന്നുകഴിഞ്ഞു. ജനങ്ങളുടെ വിശ്വാസ്യത നേടിയെടുക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ് ഏറ്റുവം വലിയ വെല്ലുവിളി എന്ന തിരിച്ചറിവ് ഓരോ സേനാംഗത്തിനും ഉണ്ടാവണം . സൈബർ കുറ്റകൃത്യങ്ങൾ മുതൽ ലഹരിമരുന്നുകളുടെ വ്യാപനം വരെയുള്ള വ്യത്യസ്തമായ മേഖലകളിൽ പ്രവർത്തിക്കാൻ പരിശീലനം കൂടിയേ തീരൂ. അത്തരമൊരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് സെൻട്രലൈസ്ഡ് ട്രെയിനിങ് സെന്റർ ആരംഭിക്കുന്നത്. എല്ലാ യൂണിറ്റുകളിലും ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ട്രെയിനിങ് സെന്ററുകൾ ആരംഭിക്കുകയും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുമാണ് ലക്ഷ്യമിടുന്നത്.

ആംഡ് പോലീസ് ബറ്റാലിയൻ ഐ ജി സതീഷ് ബിനോ, ഡിഐജി ഹരി ശങ്കർ, എസ്എപി കമാന്റന്റ് യോഗേഷ് മൻഹദിയ, എപിബിഎൻ കമാന്റന്റ് അഞ്ജലി ഭാവന, മറ്റു മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ചടങ്ങിൽ സംബന്ധിച്ചു.

**********************************